സിഎ/ആർ.ഐ.റ്റി./2021

പ്രിൻസിപ്പാളിന്റെ കാര്യാലയം

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജ്

കോട്ടയം, തീയതി 14-07-2021

## നോട്ടീസ്

വിഷയം:- ആർ.ഐ.റ്റി. കോട്ടയം – കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നത് – സംബന്ധിച്ച്

സൂചന :- 1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ കോട്ടയത്തിന്റെ 07.07.2020 ലെ ഡി.എം. 1-2717/2020 നമ്പർ ഉത്തരവ്

2 ആരോഗ്യവകുപ്പിന്റെ 13-07-2021 തീയതിയിലെ മിന്നൽ പരിശോധന

ഈ സ്ഥാപനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളും മറ്റും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നടത്തിവരുന്നുണ്ട്.. കോവിഡ് മാനദണ്ഡങ്ങൾ ഈ സ്ഥാപനത്തിൽ യഥാവിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പിൽനിന്നും 13-07-2021 ൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. എന്നാൽ വിദ്യാർഥികൾ സാമൂഹിക അകലം പാലിക്കാതെയും മാസ്ക്ക് ധരിക്കാതെയും അലക്ഷ്യമായി നടക്കുന്നതായി അവരുടെ ശ്രദ്ധയിൽപ്പെടുകയും ആയത് ജില്ലാ ഭരണകൂടത്തിന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം വളരെ ഗൌരവമായി അധികാരികൾ വീക്ഷിക്കുന്നുണ്ട്.

ചില വിദ്യാർഥികളുടെ നിരുത്തരവാദപരമായ പെരുമാറ്റം മൂലം യൂണിവേഴ്സിറ്റി പരീക്ഷകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടാനുള്ള സാഹചര്യം നിലവിലുണ്ട്. ആയതിനാൽ, പരീക്ഷകൾക്കെത്തുന്നവർ ഉൾപ്പെടെ എല്ലാവരും ക്യാമ്പസിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും അല്ലെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യുടെ നിയമ നടപടികൾ നേരിടേണ്ടിവരുമെന്നും ആയതിന് ഈ സ്ഥാപനത്തിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കില്ലായെന്നും അറിയിക്കുന്നു.

RAJIV GANDHI INSTITUTE OF TECHNOLOGY * GOVT.OF KERALA * KOTTAYAM-686 501

പ്രിൻസിപ്പാൾ

PRINCIPAL
RAJIVGANDHI INSTITUTE OF TECHNOLOGY
KOTTAYAM